# VI വ്യക്തിപരമായ വിശദീകരണം

## ശ്രീ. ജെയിംസ് മാത്യു എം.എൽ.എ.-യുടെ ജയിൽശിക്ഷ

ശ്രീ. ജെയിംസ് മാത്യു: സർ, എന്റെ പേരിൽ ശ്രീകണ്ഠാപുരം സർക്കിൾ ഇൻസ്പെക്ടർ രേഖപ്പെടുത്തിയ എഫ്.ഐ.ആർ.-ന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ ആന്റിസിപ്പേറ്ററി ബെയിലിന് സമീപിച്ചപ്പോൾ ഹൈക്കോടതി നടത്തിയ പരാമർശത്തെ സംബന്ധിച്ച് ഞാൻ പറയുന്നില്ലെന്ന് ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ആവർത്തിച്ചു. അദ്ദേഹം പറയട്ടെ. ആന്റിസിപ്പേറ്ററി ബെയിൽ കൊടുത്തപ്പോൾ ഹൈക്കോടതി ജെയിംസ് മാത്യുവിനെക്കുറിച്ച് മാത്രമല്ല ഈ പരാമർശം നടത്തിയിട്ടുള്ളത്, സരിതാ കേസിൽ മുഖ്യമന്ത്രിയെക്കുറിച്ചും നടത്തിയ പരാമർശം....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....അതുപാടില്ല. അങ്ങയുടെ കാര്യം മാത്രം പറയാം. മറ്റ് കാര്യങ്ങളിലേക്ക് പോകാൻ പറ്റില്ല. വ്യക്തിപരമായി എന്നെ പരാമർശിച്ച അതുകൊണ്ട് സംസാരിക്കണമെന്നാണ് അങ്ങ് എനിക്ക് എഴുതിത്തന്നത്. അതിനാണ് അങ്ങയെ അനുവദിച്ചിട്ടുള്ളത്. മറ്റ് കാര്യങ്ങളിലേക്ക് പോകാൻ പാടില്ല.

ശ്രീ. ജെയിംസ് മാത്യു: സർ, അതുതന്നെയാണ് പറയാൻ പോകുന്നത്. ആന്റിസിപ്പേറ്ററി ബെയിൽ നിഷേധിച്ചുകൊണ്ട് കോടതി പറഞ്ഞത് കസ്റ്റോഡിയൽ ഇന്ററോഗേഷൻ ആകാം. എന്താണ് കസ്റ്റോഡിയൽ ഇന്ററോഗേഷൻ എന്ന് അറിയാത്തവരായി ഈ സഭയ്ക്കകത്ത് ഒരു അംഗമെങ്കിലുമുണ്ടോ ; അതിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി മാസം 27-ാം തീയതി ഉച്ചയ്ക്ക് 2.15-ന് ഞാൻ പോലീസ് സ്റ്റേഷനിൽ ഹാജരായി. 2.15 മണിമുതൽ രാത്രി 8.15 മണിവരെ എന്നെ ചോദ്യം ചെയ്തു. 2.15 മണിമുതൽ രാത്രി 8.15 മണിവരെ 6 മണിക്കൂർ കസ്റ്റോഡിയൽ ഇന്ററോഗേഷൻ ഈ ഗവൺമെന്റ് എന്നെ നടത്തിയില്ലേ ; പോലീസ് നടത്തിയില്ലേ ; എന്നിട്ട് മജിസ്ട്രേറ്റിന്റെ മുൻപാകെ ഹാജരാക്കി എന്നെ റിമാന്റ് ചെയ്യണമെന്നാവശ്യപ്പെട്ട കസ്റ്റോഡിയൽ ഇന്ററോഗേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞാൽ എന്നെ റിമാന്റ് ചെയ്യണമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ് ? എന്നെ റിമാന്റ് ചെയ്തതിനുശേഷം ഒരിക്കൽകൂടി പോലീസ് എന്നെ കസ്റ്റഡിയിൽ ആവശ്യപ്പെട്ടോ ; എന്നെ ചോദ്യം ചെയ്യണമെന്ന് പോലീസ് പറഞ്ഞോ ; എന്നെ ഒരു വാക്കെങ്കിലും ചോദ്യം ചെയ്തോയെന്ന് പറയണം. 6 മണിക്കൂർ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ മുൻപിൽ ഈ കേരള നിയമസഭയിലെ ഒരംഗമായ ഞാൻ ഹാജരായി. ഹൈക്കോടതി എന്റെ ജാമ്യം നിഷേധിച്ചതിന്റെ അടിസ്ഥാനത്തിൽ 6 മണിക്കൂർ ഞാൻ വിശദീകരണം കൊടുത്തു. അതിനുശേഷം ഒരു മിനിട്ടുപോലും ആ

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് എന്നെ ചോദ്യം ചെയ്യണമെന്ന് കോടതിയിൽ ആവശ്യപ്പെട്ടില്ല എന്തിനാണ് എന്നെ ഒരാഴ്ചക്കാലം ജയിലിലടച്ചത്, എന്ത് ന്യായത്തിന്റെ പേരിലാണ് : എന്ത് അടിസ്ഥാനത്തിന്റെ പേരിലാണ് ? ഹൈക്കോടതി ജാമ്യം നിഷേധിച്ചതിന്റെ പേരിൽ ഒരു അടിസ്ഥാനവും അതിനില്ല. പക്ഷേ, ഇവിടെ ചിലർ ഇരിക്കുന്നുണ്ട്, നിങ്ങൾ ആലോചിക്കണം. ഒരു രാത്രികൊണ്ട് നേരം പുലരില്ല. ഒരു ഗവൺമെന്റ് കൊണ്ട് ഈ ചരിത്രം അവസാനിക്കില്ല. ഇതിനെല്ലാം ഒരു കാലവും ചരിത്രവും നിങ്ങളെക്കൊണ്ട് പഠിപ്പിക്കും. ഒരു ദിവസമല്ല, നൂറ് ദിവസം, നൂറ് കൊല്ലം ആയുസ്സുണ്ടെങ്കിൽ അത്രയും കിടക്കാൻ തയ്യാറാണ്. ഒരു എം.എൽ.എ.-യ്ക്ക് അനുവദനീയമായ യാതൊരു ആനുകൂല്യവും പേറാതെ ഒരു സാധാരണ തടവുകാരനെപോലെ അവിടെ കഴിയാനുള്ള മനസ്സ് എനിക്കുണ്ട്. ആ മനസ്സ് ശ്രീ. കെ. എം. മാണിക്കുണ്ടോ ; ഉണ്ടെങ്കിൽ പോയി കിടക്ക്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിക്കുണ്ടോ ; ഉണ്ടെങ്കിൽ പോയി കിടക്ക്. ഞാൻ അന്തസ്സോടെ കിടക്കും. അത് നിങ്ങൾ മനസ്സിലാക്കിയാൽ മതി.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ വി. എസ്. അച്ചുതാനന്ദൻ) : സർ, ബാർ കോഴ, ബാർ കോഴ, കോഴ മാണി, കോഴ മാണി, അഴിമതി മന്ത്രിസഭ, അഴിമതി മന്ത്രിസഭ എന്ന് കേട്ട് തുടങ്ങിയിട്ട് നാളുകളെത്രയായി. കോഴ വാങ്ങിയതും സ്വന്തം കീശ വീർപ്പിച്ചതും ശ്രീ. കെ. എം. മാണിയാണെങ്കിലും ഇതിന്റെ നാണക്കേട് കേരളം ഒന്നടങ്കമാണ് നേരിടുന്നത്. ശ്രീ. കെ. എം. മാണിക്ക് ഇതിൽ വലിയ നാണമൊന്നും തോന്നുന്നുണ്ടാവില്ല. കാരണം, ശ്രീ. കെ. എം. മാണി കഴിഞ്ഞ 50 കൊല്ലമായി നടത്തിക്കൊണ്ടിരിക്കുന്ന കാര്യം ഇത്തവണയും ആഘോഷപൂർവ്വം നടത്തുകയാണ് ചെയ്തത്. പണ്ട് ഇതൊന്നും ആരും അറിഞ്ഞിരുന്നില്ല. ഇപ്പോൾ ജനങ്ങൾ തിരിച്ചറിയുകയും മാണിയുടെ കള്ളം വെളിച്ചത്താകുകയും ചെയ്തു. പക്ഷേ ശ്രീ. കെ. എം. മാണി ഇങ്ങനെ സമാധാനിച്ചാലും സാക്ഷര സുന്ദര കേരളം തെരുവിൽ വിസ്തരിക്കപ്പെടുന്ന അവസ്ഥയിലാണ് എത്തിപ്പെട്ടിരിക്കുന്നത്. ഇതൊക്കെ കാണുകയും കേൾക്കുകയും ചെയ്തിട്ട് ആരാണ് മുക്കത്ത് വിരൽ വയ്ക്കാതിരിക്കുക ? ശ്രീ. കെ. എം. മാണി കോഴ വാങ്ങിയതിനെപ്പറ്റി ബാർ ഉടമ ശ്രീ. ബിജു രമേശാണ് മാലോകരോട് ആദ്യം പറഞ്ഞതെങ്കിലും അതിനുമുമ്പേ ഇക്കാര്യങ്ങളെല്ലാമറിയാവുന്ന

LIBRARY ARCHIVES Kerala Legislative Assembly